LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി) : സർ, കോട്ടയത്തെ കോടിമത മാർഗ്രിഗോറിയസ് എഞ്ചിനീയറിംഗ് കോളേജിനെ സംബന്ധിച്ചിടത്തോളം പരാതിയുണ്ടായിരുന്നു. ആ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയും ഗവൺമെന്റ് അന്വേഷിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതു പോലെ തന്നെ ബ്രോഷറിനെ വിശ്വസിച്ച് ആ കോളേജിൽ അഡ്മിഷൻ വാങ്ങിയ പല വിദ്യാർത്ഥികളും കബളിപ്പിക്കപ്പെട്ടു എന്നുള്ളത് ഒരു വസ്തുതയാണ്. അതിന് യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ കിട്ടിയിട്ടില്ല. എ.ഐ.സി.ടി.ഇ. അംഗീകാരം പിൻവലിക്കാൻ തീരുമാനിച്ചു. മൂന്നു കൊല്ലമായി അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊട്ടടുത്തുള്ള കോളേജിൽ പരീക്ഷ എഴുതുവാനുള്ള സംവിധാനം ഉണ്ടാക്കിയത് യൂണിവേഴ്സിറ്റി അംഗീകരിച്ചു. തുടർന്ന് റി-ഡിപ്ലോയ്മെന്റ് എന്നുള്ള നിലയ്ക്ക് വേറെ കോളേജിൽ ചേർത്ത് പഠിപ്പിക്കുവാനുള്ള സംവിധാനവും ചെയ്തിട്ടുണ്ട്. ഇതാണ് ആ കാര്യത്തെക്കുറിച്ച് പറയാനുള്ളത്. കോളേജുകൾക്ക് എൻ.ഒ.സി., കൊടുക്കേണ്ട സമയത്ത് പാലിക്കേണ്ട നിബന്ധനകളുടെ കൂട്ടത്തിൽ അതിന്റെ സ്റ്റാറ്റസ് എന്താണെന്ന് പരിശോധിക്കുവാനുള്ള സംവിധാനം വേണമെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം സ്വാഗതാർഹമാണ് എന്നുകൂടി അറിയിക്കുന്നു.

(2) മുസ്ലീം ക്രിസ്ത്യൻ പള്ളികളേയും അനുബന്ധ സ്ഥാപനങ്ങളേയും സംബന്ധിച്ച സർവ്വേ

ശ്രീ. മത്തായി ചാക്കോ : കേന്ദ്ര ആഭ്യന്തര വകുപ്പിന് കീഴിലുള്ള സെൻസസ് ഡയറക്ടറേറ്റ് തിരക്കിട്ട് ഒരു സർവ്വേയ്ക്ക് തീരുമാനിച്ചിരിക്കുന്നു. ആ സർവ്വേയിൽ കേരളത്തിലെ മോസ്കുകളെക്കുറിച്ചും പള്ളികളെക്കുറിച്ചുമുള്ള പഠനം എന്നുള്ള ശീർഷകത്തിൽ പതിനൊന്നു പേജുള്ള ഒരു ചോദ്യാവലി തയ്യാറാക്കി കൊടുത്തിരിക്കുന്നു. അതിൽ പള്ളിയും മോസ്കും ഏതു വിഭാഗത്തിന്റേതാണ്, എന്നാണ് സ്ഥാപിച്ചത്, ആരുടെ പേരിലാണ് ; പുനരുദ്ധാരണം നടത്തിയിട്ടുണ്ടോ എത്ര കുടുംബങ്ങളെ ഉൾക്കൊള്ളുന്നുണ്ട് തുടങ്ങിയുള്ള ചോദ്യങ്ങളുണ്ട്. അതുമാത്രമല്ല, ഈ വിഭാഗങ്ങൾക്ക് കീഴിലുള്ള സ്കൂളുകൾ, മന്ദിരങ്ങൾ, ആശുപത്രികൾ, അനാഥാലയങ്ങൾ എന്നിവയുടെ വിശദാംശം ഉൾക്കൊള്ളുന്ന ഒരു സർവ്വേയും നടത്തുന്നുണ്ട്. ഈ സർവ്വേ നിർദ്ദേശം ന്യൂനപക്ഷങ്ങൾക്കിടയിൽ ഭീതി പടർത്തിയിരിക്കുകയാണ്. മുഴുവൻ മദ്രസ്സകളും അടച്ചു പൂട്ടണമെന്നാണ് ശ്രീ. തൊഗാഡിയയെപ്പോലുള്ളവർ പറയുന്നത് പള്ളി പൊളിക്കണമെന്നുള്ള പരസ്യമായ പ്രഖ്യാപനങ്ങൾ വന്നുകൊണ്ടിരിക്കയാണ്. ഗുജറാത്തിൽ ഇത്തരത്തിലുള്ള ഒരു സർവ്വേയുടെ അടിസ്ഥാനത്തിൽ നടന്ന കലാപ സംഭവങ്ങളുടെ വെളിച്ചത്തിൽ ഇത്തരം സർവ്വേ ഇവിടെ വന്നതിൽ ആശങ്കയുണ്ട്. അതിൽ ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കര നാരായണൻ) : സർ, ഇത് ഇപ്പോൾ വളരെ കോൺട്രവേഴ്സിയായുള്ള ഒരു കാര്യമാണ്. കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ ആഭിമുഖ്യത്തിൽ അത്തരമൊരു സർവ്വേ നടത്തുന്നതായ അറിയിപ്പൊന്നും സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടില്ല. എന്നാൽ കേരളത്തിലെ എല്ലാ മത വിഭാഗങ്ങളിലുമുള്ള ആരാധനാലയങ്ങളെപ്പറ്റി ഒരു പഠനം നടത്തി സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ച് ഒരു

നിർദ്ദേശം സെൻസസ് ഡയറക്ടർ സെൻസസ് രജിസ്ട്രാർ ജനറലിനു സമർപ്പിച്ചിരുന്നു. അതിൽ ഹിന്ദു ആരാധനാലയങ്ങളെക്കുറിച്ച് ഒരു പഠനം നടത്താൻ 1993-ൽ സെൻസസ് രജിസ്ട്രാർ ജനറൽ അനുമതി നൽകുകയുണ്ടായി. അതനുസരിച്ച് സ്ഥിതിവിവരങ്ങൾ ശേഖരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2001 ലെ സെൻസസിനോടനുബന്ധിച്ച് മറ്റു മത വിഭാഗങ്ങളിൽപ്പെട്ട ആരാധനാലയങ്ങളെക്കുറിച്ച് പഠനം നടത്തി സ്ഥിതിവിവരം ശേഖരിക്കുവാനുള്ള അനുമതി സെൻസസ് രജിസ്ട്രാർ ജനറലിൽനിന്നും ലഭിച്ചതനുസരിച്ച് നടപടി സ്വീകരിച്ചതാണെന്നാണ് സംസ്ഥാന സെൻസസ് ഡയറക്ടറേറ്റിൽനിന്ന് ലഭിച്ച വിവരം. എന്നാൽ വിവാദത്തെ തുടർന്ന് സ്ഥിതിവിവരം ശേഖരിക്കുന്ന നടപടി നിർത്തിവച്ചിട്ടുള്ളതായാണ് വാർത്താ മാദ്ധ്യമങ്ങളിൽനിന്ന് അറിയുന്നത്. ഇത് സംബന്ധിച്ച് മറ്റ് ഔദ്യോഗിക ഉറപ്പുകളൊന്നും ലഭിച്ചിട്ടില്ല.

(3) പെരിയാറിൽ പുറപ്പിള്ളിക്കാവ് ബണ്ട് നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. ഡി. സതീശൻ : സർ, കടലിൽ നിന്ന് പെരിയാറിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടയുന്നത് പുറപ്പിള്ളിക്കാവിൽ താല്ക്കാലികമായി ബണ്ട് നിർമ്മിച്ചാണ്. ഇത് കൃത്യസമയത്ത് കെട്ടാത്തതുകൊണ്ട് എല്ലാ വർഷവും വമ്പിച്ച കൃഷിനാശം ഉണ്ടാകുകയും വിശാല കൊച്ചിയിലെ മൊത്തം കുടിവെള്ള വിതരണം നിർത്തിവയ്ക്കേണ്ട അവസ്ഥ ഉണ്ടാകുകയും ചെയ്യാറുണ്ട്. അതുകൊണ്ട് എല്ലാ വർഷവും ഒക്ടോബർ മാസത്തിൽത്തന്നെ ഇത് കെട്ടുന്നതിനു വേണ്ടിയുള്ള ഒരു സംവിധാനം ഉണ്ടാക്കുവാൻ ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.ടി. എം.ജേക്കബ്) : സർ, പെരിയാർ നദിയിലേക്ക് വേനൽക്കാലത്ത് ഉപ്പുവെള്ളം കയറുന്നത് തടയാൻ വേണ്ടി എല്ലാ വർഷവും പുറപ്പിള്ളിക്കാവിലും പാതാളത്തും താൽക്കാലിക ബണ്ട് നിർമ്മിക്കാറുണ്ട്. ഇപ്രാവശ്യവും എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്, പുറപ്പിള്ളിക്കാവ് ബണ്ടിന് എട്ടര ലക്ഷം രൂപയും പാതാളം ബണ്ടിന് പതിനഞ്ച് ലക്ഷം രൂപയുമാണ് എസ്റ്റിമേറ്റ്. തുലാവർഷം കൂടി കണക്കിലെടുത്തിട്ടാണ് ബണ്ട് നിർമ്മാണത്തിന് സമയം നിശ്ചയിക്കുക. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപ്പുവെള്ളം കയറാതെ ശ്രദ്ധിക്കുന്നതാണ്.

(4) മയക്കുമരുന്നു കേസ്സുകളുമായി ബന്ധപ്പെട്ട തടവുകാർക്ക് പരോൾ അനുവദിക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. ജയരാജൻ : സർ, മയക്കുമരുന്നു കേസുകളുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ട് തടവിൽ കഴിയുന്നവർക്ക് പരോൾ അനുവദിക്കുന്നില്ല. മനുഷ്യാവകാശ കമ്മീഷൻ കേരളാ ഗവൺമെന്റിന് ഒരു ശുപാർശ നൽകിയിട്ടുണ്ട്. അത് പരിഗണിക്കുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. മയക്കുമരുന്നു കേസുമായി ബന്ധപ്പെട്ടിട്ടുള്ളവർക്ക് പരോൾ അനുവദിക്കണമെന്നുള്ളത് 354/99, 169/99, 243/99 എന്നീ വകുപ്പുകൾ പ്രകാരം സുപ്രീംകോടതി തന്നെ വിധിച്ചിട്ടുള്ളതാണ്. അമ്മയും അച്ഛനും മരിച്ചാൽപ്പോലും അവർക്ക് പരോൾ കിട്ടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly